## പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3018** 03.04.2013 - ലെ മറുപടിയ്ക്ക്

# ആസൂത്രണബോർഡിൽ പ്ലാൻ സ്പെയ്സ് ഓൺലൈൻ സംവിധാനം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>'' വി.പി..സജീന്ദ്രൻ<br>'' അൻവർ സാദത്ത്<br>'' ഐ.സി.ബാലകൃഷ്ണൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) ആസൂത്രണബോർഡിൽ പ്ലാൻ സ്പെയ്സ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുമോ; | (ബി) പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം സംസ്ഥാനത്തിന്റെയും ജില്ലാ തലത്തിലെയും പദ്ധതി മോണിട്ടറിംഗ് ശക്തിപ്പെടുത്തുക എന്നതാണ്. വികേന്ദ്രീകൃത ആസൂത്രണം ഉൾപ്പെടെയുള്ള പദ്ധതികളുടെ മോണിട്ടറിംഗും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിവരങ്ങളും ഇതിൽ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഓരോ പദ്ധതിയും ഉൾപ്പെടുന്ന വകുപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ, മേഖല, ഉപമേഖല, കോഡ്, പദ്ധതി അടങ്കൽ ചെലവ്, ഭൗതിക നേട്ടം, ഭൗതിക ലക്ഷ്യം, വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന വിവരങ്ങൾ, അനുമതി ലഭിച്ചവയുടെ വിവരങ്ങൾ, അനുമതി ലഭിച്ചിട്ടില്ലാത്തവയുടെ വിവരങ്ങൾ. |
| (ഡി) | ആയതിലേക്കായി മുഴുവൻ വകുപ്പുകളുടെയും പദ്ധതി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; | (ഡി) | വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വകുപ്പുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സംവിധാനം ഉപജില്ലാതലംവരെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ഉപജില്ലാതലം വരെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**